നം. സി.ഇ.ഇ/938/2010/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

<u>പത്രക്കുറിപ്പ്</u>

# പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സ് പ്രവേശനത്തിന് പ്രത്യേക പ്രവേശന പരീക്ഷ 2010 : അഡ്മിറ്റ് കാർഡുകൾ അയച്ചു കഴിഞ്ഞു

2010 ലെ മെഡിക്കൽ പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിലും, പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ കാറ്റഗറി ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ളതും, എന്നാൽ പ്രവേശന പരീക്ഷയിൽ മെഡിക്കൽ/ബി.ഡി.എസ്. കോഴ്സുകളുടെ പ്രവേശനത്തിനുള്ള നിശ്ചിത യോഗ്യത (40% മാർക്ക്) നേടാത്തതുമായ വിദ്യാർത്ഥികൾക്കായി ഒരു പ്രത്യേക മെഡിക്കൽ പ്രവേശന പരീക്ഷ **2010 ജൂലൈ 25-ാം തീയതി (ഞായറാഴ്ച) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 12.30 വരെ കോഴിക്കോട്, മെഡിക്കൽ കോളേജ് കാമ്പസ് ഗവ: ഹയർ സെക്കന്ററി സ്കൂളിൽ** വച്ച് നടത്തുന്നതാണ്. അർഹരായ വിദ്യാർത്ഥികൾക്കുള്ള അഡ്മിറ്റ് കാർഡുകൾ ഈ ആഫീസിൽ നിന്നും അയച്ചിട്ടുണ്ട്.

23.07.2010 വരെ അഡ്മിറ്റ് കാർഡ് ലഭിക്കാത്ത വിദ്യാർത്ഥികൾ **24.07.2010 (ശനിയാഴ്ച) രാവിലെ 10 മണിക്കും ഉച്ചയ്ക്ക് 1 മണിക്കും ഇടയിൽ, കോഴിക്കോട് മെഡിക്കൽ കോളേജ് കാമ്പസ് ഗവ: ഹയർ സെക്കന്ററി സ്കൂളിൽ**, പാസ്പോർട്ട് സൈസിൽ ഉള്ള ഒരു ഫോട്ടോ സഹിതം എത്തി, ബന്ധപ്പെട്ട ലയ്സൺ ആഫീസറിൽ നിന്നും ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് സ്വീകരിക്കേണ്ടതാണ്. ഈ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥി കൾക്ക് അഡ്മിറ്റ് കാർഡിനു പകരമായി പരീക്ഷാ ഹാളിൽ ഹാജരാക്കാവുന്നതാണ്. ഇപ്രകാരം ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നവർ, പരീക്ഷാ ദിവസം രാവിലെ 9 മണിക്ക് മുൻപായി പരീക്ഷാ കേന്ദ്രത്തിൽ എത്തി ചീഫ് സൂപ്രണ്ടിനെ സമീപിച്ച് ഐഡന്റിഫിക്കേഷൻ ബോധ്യപ്പെടുത്തേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം
17.07.2010

**പ്രവേശന പരീക്ഷാ കമ്മീഷണർ**